Draft #2 of File 23263/AD A1-4/2020/AD A1 (PART-I) Approved by ASSISTANT REGISTRAR I (ADMIN) on 17-Sep-2020 06:22 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം: സർവ്വകലാശാല ഇൻഫർമേഷൻ/ സ്റ്റഡി സെൻററുകൾ - നിർത്തലാക്കിയത് പുന:പരിശോധിച്ച് കൈക്കൊണ്ട സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4121/AD A1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 17.09.2020

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം. 2430/AD A1/2020/എം.ജി.യു., തീയതി 09.06.2020
2. സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് നം. 23263/AD A1-4/2020/AD A1, തീയതി 22.07.2020
3. 28.08.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിറ്റ്സ് ഇനം നമ്പർ 151/20.04/DDFS-23263/ADA1/4/2020

**ഉത്തരവ്**

സർവ്വകലാശാല ഇൻഫർമേഷൻ / സ്റ്റഡി സെൻററുകളുടെ പ്രവർത്തനം സിൻഡിക്കേറ്റ് തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ അവസാനിപ്പിച്ചുകൊണ്ട് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. ഇതിൻ പ്രകാരം നിർത്തലാക്കിയ സെൻററുകളിലെ ജീവനക്കാരെ സർവ്വകലാശാല ക്യാമ്പസിലേക്ക് പുനർ വിന്യസിക്കുകയും സർവ്വകലാശാലയുടെ മറ്റ് സാധന സാമഗ്രികൾ മാറ്റുന്നതിനുള്ള മേൽനോട്ട ചുമതല എസ്റ്റേറ്റ് ഓഫീസറെ ഏൽപ്പിക്കുകയും ചെയ്തിരുന്നു.
പിന്നീട്, സർവ്വകലാശാല എംപ്ലോയീസ് അസ്സോസിയേഷൻ ജനറൽ സെക്രട്ടറി നൽകിയിട്ടുള്ള കത്തിൽ ടി സെൻററുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച് സിൻഡിക്കേറ്റ് കൈക്കൊണ്ട തീരുമാനം പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും,ആയതിൻ പ്രകാരം പ്രസ്തുത വിഷയം സിൻഡിക്കേറ്റിൻറെ പരിഗണനയ്ക്കും തീരുമാനത്തിനുമായി സൂചന (2) പ്രകാരം സമർപ്പിക്കുകയും ചെയ്തിരുന്നു.

ആയതിൻറെ അടിസ്ഥാനത്തിൽ, വിഷയം പരിഗണിച്ച സർവ്വകലാശാലാ സിൻഡിക്കേറ്റ്, ഇൻഫർമേഷൻ സെൻററുകൾ നിർത്തുവാനും, സ്റ്റഡി സെൻററുകൾ ഈ അദ്ധ്യയന വർഷം കൂടി തുടരുവാനും സൂചന (3) പ്രകാരം തീരുമാനിച്ചിരിക്കുന്നു.
തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

എ എസ് ചാവറ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സെക്ഷനുകൾ/ പഠന വകുപ്പുകൾ
2. വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. എ.ഡി.സി. I/II/III/ ആഡിറ്റ് II/III/V/ ഫിനാൻസ് I/II/III/ FCC/ CITAD
5. എഡി. എ 5/ ലീഗൽ സെക്ഷൻ (തുടർ നടപടികൾക്കായി)
6. എ.ആർ./ ഡി.ആർ/ ജെ.ആർ. (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
7. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല
8. പി.ആർ.ഒ./ഡെപ്യൂട്ടി ലൈബ്രേറിയൻ ഇൻ ചാർജ്
9. റെക്കോർഡ്സ് സെക്ഷൻ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി.
10. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം